# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1653 10.03.2020-ൽ മറുപടി നൽകേണ്ടത്.

**ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ**

| | ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ പി.എസ്.സി മുഖേന അദ്ധ്യാപക നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത നിയമനങ്ങൾ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രമായി നിജപ്പെടുത്തുന്നതിന് നിലവിലുള്ള ഏതൊക്കെ ചട്ടങ്ങളിലാണ് മാറ്റം വരുത്തേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് നം.(അച്ചടി) 166/2016/പൊ.വി.വ തീയതി 30.09.2016 പ്രകാരം ഭാഷാ ന്യൂനപക്ഷ തസ്തികകളിലെ ഉദ്യോഗാർത്ഥികളുടെ യോഗ്യത പുന:നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭാഷ കൈകാര്യം ചെയ്യാനാകാത്തവർ ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ നിയമനം നേടുന്നത് തടയാൻ നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | തമിഴ്/കന്നഡ മീഡിയം സ്കൂളുകളിൽ HSA (core subjects) തസ്തികയിലേക്ക് നിയമിക്കപ്പെടുന്നവർക്ക് ഭാഷാ പരിജ്ഞാനം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി G.O(P)No.166/2016/G.Edn തീയതി 30.09.2016 ഉത്തരവ് പുറപ്പെടുവിക്കുകയും ടി വ്യവസ്ഥകൾ ഉൾപ്പെടുത്തി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പി.എസ്.സി നിയമനത്തിൽ നിലനിൽക്കുന്ന ഈ അനൗചിത്യം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 30/09/2016-ലെ GO(P) No.166/16/G.Edn പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ഡിഗ്രിക്കൊപ്പം ഒന്നാം ഭാഷയോ രണ്ടാം ഭാഷയോ തമിഴ്/കന്നഡ പഠിച്ച് എസ്.എസ്.എൽ.സി പാസായവർക്കോ, തമിഴ്/കന്നഡ ഭാഷയിൽ ബിരുദം/ബിരുദാനന്തര ബിരുദം നേടിയവർക്കോ മാത്രമെ ടി തസ്തികയിലെ പി.എസ്.സി നിയമിക്കുന്നതിന് പരിഗണിക്കുകയുള്ളു.<br>മേൽ സാഹചര്യത്തിൽ പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഹൈസ്കൂൾ ടീച്ചർമാരുടെ നിയമനം നടപ്പിലാക്കിവരുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകുവാൻ ഇടയില്ല എന്നും നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഭാഷാപ്രാവീണ്യമില്ലാത്ത അദ്ധ്യാപകരോ; തമിഴ്/കന്നഡ നോയിങ് മറ്റ് തസ്തിക കളിൽ ബന്ധപ്പെട്ട ഭാഷ അറിയാത്ത ഉദ്യോഗാർഥികളോ ആണ് നിയമിതരാകുന്നതെങ്കിൽ ടി അദ്ധ്യാപകരെ/ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്ക് കന്നഡ/തമിഴ് ഭാഷ പ്രാവീണ്യം ആർജിക്കുന്നതിനുള്ള ട്രെയിനിങ് നൽകി അവരെ കന്നഡ/തമിഴ് ഭാഷയിൽ അദ്ധ്യാപനം നടത്തുവാൻ/ജോലിചെയ്യുവാൻ പ്രാപ്തരാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ